## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:7448** **14.07.2014- ൽ മറുപടിക്ക്**

## കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകളും നിയമനങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 3125 കൃഷി അസിസ്റ്റന്റിന്റെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലാണ്. ജില്ല തിരിച്ചുള്ള തസ്തികകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) കൃഷി അസിസ്റ്റന്റുമാരുടെ നിയമനം നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് നടക്കുന്നത്; | (ബി) കൃഷി അസിസ്റ്റന്റുമാരുടെ നിയമനം കൃഷി വകുപ്പിലാണ് നടക്കുന്നത്. എന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകൾ, നിയമസഭ, രാജ്ഭവൻ, കാർഷിക കടാശ്വാസ കമ്മീഷൻ എന്നിവിടങ്ങളിൽ കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2014 ജൂൺ മാസം വരെ എത്ര കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ-മാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്; | (സി) | 2014 ൽ ജൂൺ മാസം വരെയുള്ള കാലയളവിൽ 68 പേർക്ക് കൃഷി ഓഫീസർമാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രൊമോഷൻ നൽകുക വഴിയുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ഡി) | കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്ന് കൃഷി ഓഫീസർ തസ്തികയിലേക്ക് നടത്തിയ പ്രൊമോഷനിലൂടെയുണ്ടായ 68 ഒഴിവുകളിൽ 48 ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നീക്കി-വെച്ച ശേഷമുള്ള 20 ഒഴിവുകൾ ഇതിനകം പി.എസ്.സി.യെ അറിയി-ച്ചിട്ടുണ്ട്. |
| (ഇ) | റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ന-ത്തേക്ക് റിപ്പോർട്ട് ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ; | (ഇ) | ബാധകമല്ല. |
| (എഫ്) | കൃഷി അസിസ്റ്റന്റുമാരെ എ.എഫ്.ഒ. ആയി പ്രൊമോഷൻ നൽകിയ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? | (എഫ്) | ഇല്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ